# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം17/3271/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി.02.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.17/3271/2016 തിയ്യതി:02.02.2017

# മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-8-2016 മുതൽ 05-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.8.2016 മുതൽ 31.8.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 07-11-2016 മുതൽ 15-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ ദിനേശൻ. എം | ഓഡിററ് ഓഫീസർ |
| 2 | ശ്രീ റിഷിൽ. പി | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ സന്തോഷ് . പി.റ്റി | അസി. ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി ലത. ഒ .വി. | ഓഡിററർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ കെ വി സിദ്ദിക്ക് | 01-04-2015 മുതൽ 30-10-2015വരെ |
| ഭരണനിർവ്വഹണ സമിതി | 01-11-2015 മുതൽ 18-11-2015വരെ |
| ശ്രീമതി സുഹറാ റസാഖ് | 19-11-2015 മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി സൂര്യകുമാരി എ എസ് (ഇൻ ചാർജ് ) | 01.04.2015 മുതൽ 6.4.15 വരെ |
| ശ്രീ രാധാകൃഷ്ണൻ നായർ (ഇൻ ചാർജ് ) | 7.4.2015 മുതൽ 31.7.2015വരെ |
| ശ്രീ രജീന്ദ്രനാഥ് പി | 1.8.2015 മുതൽ 31.3 2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സൂര്യകുമാരി എ എസ് | 01.04.2015 മുതൽ 6.04.15 വരെ |
| | ശ്രീമതി ജസിയ ബീവി | 7.4.2015മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി ബാനു ശാലിനി<br>ശ്രീമതി ഹണി ഗംഗാധരൻ<br>ശ്രീമതി അപർണ കെ എസ് (ഇൻ ചാർജ് ) | 01.04.2015 മുതൽ 28.5.15 വരെ<br>29.5.2015മുതൽ 22.9.2015വരെ<br>23.9.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. ഷർളി ചെറിയാൻ<br>ഡോ അലക്സി ആർ യു<br>ഡോ അഭിലാഷ് എ കെ | 01.04.2015 മുതൽ 30.9.2015 വരെ<br>1.10.2015 മുതൽ 7.2.2016വരെ<br>8.2.2016മുതൽ 31.3 2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കനകവല്ലി | 01.04.2015 മുതൽ 15.12.2015 വരെ |
| | ശ്രീമതി ഡെൻസി | 16.12.2015 മുതൽ 31.3 2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. ഫാത്തിമ ത്വാഹിറ | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | ശ്രീമിതി അനിത സി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ജസീന ഹമീദ് | 01.04.2015 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ബിനീഷ് എ | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി&ഒലൈസൻസ് -ഉക കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഉക അടവാക്കി. | 2-1 | |
| 13 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഉക അടവാക്കി. | 2-2 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 14 | ആലിൻ ചുവട് അംഗൻവാടി കെട്ടിട നിർമ്മാണം - അധിക തുക നൽകി. | 3-1 | |
| 15 | ഫിഷർമെൻ കോളനി അംഗൻവാടി നിർമ്മാണം - വാഷ്ബേസിൻ സ്ഥാപിച്ചിട്ടില്ല | 3-2 | |
| 16 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് - പ്രവർത്തനത്തിലെ പൊതുവായ ന്യൂനതകൾ സംബന്ധിച്ച് | 3-3 | |
| 17 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി അപാകതകൾ | 3-4 | |
| 18 | എസ്.സി വിഭാഗത്തിൽപെട്ടവർക്ക് സ്വയം തൊഴിൽ - പദ്ധതി അപാകതകൾ | 3-5 | |
| 19 | പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്കൂളിന് ധനസഹായം - 8000 രൂപ നിരാകരിക്കുന്നു | 3-6 | |
| 20 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-7 | |
| 21 | പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല-18,80,000രൂപ തടസ്സം ചെയ്യുന്നു | 3-8 | |
| 22 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-9 | |
| 23 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 3-10 | |
| 24 | മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വ കക്കൂസ് നിർമ്മാണം- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | 3-11 | |
| 25 | നീണ്ടകാലരോഗങ്ങൾക്ക് മരുന്നു വിതരണം -പ്രോജെക്ട് ലക്ഷ്യം കണ്ടില്ല. | 3-12 | |
| 26 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല | 3-13 | |
| 27 | രോഗപ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 3-14 | |
| 28 | ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം | 3-15 | |
| 29 | ലൈബ്രറി സെസ്സ് അടക്കുന്നതിൽ വീഴ്ച വരുത്തുന്നു. | 3-16 | |
| 30 | കിഡ്നി വെൽഫെയർ സൊസൈറ്റിക്ക് നൽകാനുള്ള തുക വർഷങ്ങളായി തനത് ഫണ്ടിൽ കിടക്കുന്നു | 3-17 | |
| 31 | ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടില്ല - പദ്ധതി നിശ്ചലാവസ്ഥയിൽ -മറ്റു അപാകതകൾ | 3-18 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.3.2015 തിയതിയിലെ ...1ാം.നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 5.3.2016 ലെ 1ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 20.7.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 8.11.16, 9.11.16 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

2015-16 വർഷത്തെ വാർഷികകണക്കിൻമേൽ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന നടത്തില്ല.

3. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. വസ്തു നികുതിയിൽ തൻവർഷ കളക്ഷൻ, അരിയർ കളക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| തൻവർഷ കളക്ഷൻ | 9,33,934 | 7,13,124 | 2,20810 |
| അരിയർ കളക്ഷൻ | 3,78,122 | 2,37,326 | 1,40,796 |

6. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

7. മരാമത്ത് പ്രവൃത്തികളിലെ പെർഫോർമെന്റ്സ് ഗ്യാരന്റിയായി (EMD,Security Deposit) ആയി ലഭിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

8. 2013-14, 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

| | | |
|---|---|---|
| 2013-14 | LF.M16/1048/14(82) dt.28.10.14 (Q.Certificate) | അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. |
| 2014-15 | KSA.MPM.17/2575/15 dt.16.10.15 (Q.Certificate) | അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17670453

വരവ് - 25007600

ആകെ - 42678053

ചെലവ് - 39631329

നീക്കിയിരിപ്പ്- 3046724

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ചെലവ് ശതമാനം | നീക്കി യിരിപ്പ് | നീക്കിയിരിപ്പ് RP-40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3746296 | 9053448 | 7478237 | 20277981 | 11932033 | 58.84 | 8345948 | 0 |
| വികസനഫണ്ട് എസ്.സി.പി. | 337371 | 2584893 | (-)39893 | 2882371 | 1480602 | 51.37 | 1401769 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 726937 | 2244000 | 0 | 2970937 | 1980384 | 66.66 | 990553 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1474584 | 2915000 | 0 | 4389584 | 2255730 | 51.39 | 2133854 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3203419 | 8099424 | (-)4372309 | 6930534 | 4289051 | 61.89 | 2641483 | 0 |
| പെർഫോർമെന്റ്സ് ഗ്രാന്റ് | 3066035 | 3066035 | (-)3066035 | 3066035 | 2115899 | 69.01 | 950136 | 0 |
| ബി.ഫണ്ട് | 0 | 19550260 | 0 | 19550260 | 19550260 | 100 | 0 | 0 |
| MNREGS | 22083 | 5117177 | 0 | 5139260 | 5139260 | 100 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 55527783 | 110 | 32907217 | 49 | 39 | 55.5 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 6.31ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2889975 | 1976266 | -913709 | -32 |
| നികുതിയേതര വരവുകൾ | 536582 | 337807 | -198775 | -37 |
| മറ്റുവരവുകൾ(ജനറൽ പർപസ് ഫണ്ട്) | 7360653 | 7792046 | 431393 | 5.9 |

| | | | | |
|---|---|---|---|---|
| ആകെ | 10787210 | 10106119 | -681091 | -6.31 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59880 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 591900 | 82 |
| വിധവാപെൻഷൻ | 8786440 | 978 |
| വാർദ്ധക്യകാലപെൻഷൻ | 6739890 | 858 |
| വികലാംഗപെൻഷൻ | 2838390 | 289 |
| വിവാഹധനസഹായം | 330000 | 13 |
| 50വയസ്സിനുമുകളിലുള്ളവർക്കുള്ളധനസഹായം | 183760 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.7.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7215 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവിനങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് ഫീസ് രജിസ്റ്റർ , പെർമിറ്റ് ഫീസ് രജിസ്റ്റർ എന്നിവ വളരെ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. തനത് ഫണ്ട് വൗച്ചറുകൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവയും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു (പ്രത്യേക ഖണ്ഡിക കാണുക)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.102016 | 8/16,9/16 | 29.9.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.10.2006മുതൽ 16.10.2009 വരെ | 2004മുതൽ 2008-09വരെ | 25.11.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒലൈസൻസ് -തുക കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി.

2015-16 വർഷം ചുവടെ ചേർത്തിരിയ്ക്കുന്ന ലൈസൻസികളിൽ നിന്നും നിന്നും താഴെപ്പറയും പ്രകാരം ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി. കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 231(1) പട്ടിക 11 പ്രകാരം, ദിവസേനയുള്ള ശരാശരി വിററുവരവ്,യന്ത്രത്തിന്റെ കുതിരശക്തി എന്നിവ അനുസരിച്ച് ലൈസൻസ് ഫീസായി

ചുമത്താവുന്ന പരമാവധി തുക നിശ്ചയിച്ചിരിയ്ക്കെ ,ലൈസൻസ് ഫീ കുറവായി ഈടാക്കി.

| പേര്/ കെട്ടിടനംമ്പർ | സ്ഥാപനം | H.P/ദിവസവരുമാനം | ലൈസൻസ് നം /തീയതി | അടച്ച തുക | അടയ്ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| എം എ പ്രതാപ് സിംഗ് 9/235,236 | പിവി സി പൈപ്പ് നിർമാണം (ആപ്കോ പൈപ്പ്സ്) | 60H.P | 43/15-16 29.4.15 | 500 | 1000 | 500 |
| ജംഷാദ് വി പി 4/382 | ഐസ് പ്ലാന്റ് നിർമാണം (അത്വാ ഐസ് പ്ലാന്റ്) | 150H.P | 142/15-16 29.10.15 | 1000 | 2000 | 1000 |
| ഷാഹിന പി പി 6/173 | പിവി സി പൈപ്പ്, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിൽപന | 30000 | 154/26.2.16 | 500 | 1000 | 500 |
| ആകെ കുറവ് | | | | | | 2000 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 1/42326 തി.10.11.16, 11616102487/11.11.16, 11616102523/14.11.16_എന്നീ രശീതികൾ പ്രകാരം 2000 രൂപ പഞ്ചായത്തിൽ അടവാക്കി.

## 2-2 തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി.

2015-16 വർഷത്തെ തൊഴിൽനികുതി പരിശോധിച്ചതിൽ ശ്രദ്ധയിൽ പ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1. ഗ്രാമപഞ്ചായത്തു ജീവനക്കാർ അർദ്ധവാർഷികവരുമാനത്തിൽ ലീവ് സറണ്ടർ ഉൾപ്പെടുത്തിയില്ല

| പേര് /തസ്തിക | വരുമാനം (റിട്ടേൺ പ്രകാരം) | ലീവ് സറണ്ടർ | തീയതി | ആകെ | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| സുനിൽ കുമാർ പി ഡി LDC | 111624 | 18628 | 23.4.15 | 130252 | 1000 | 1250 | 250 |
| ഷിമ്മി എ എസ് LDC | 113025 | 18628 | 23.4.15 | 131653 | 1000 | 1250 | 250 |

ആകെ 500

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 1161610251O/15.11.16, 11616102532/15.11.16_എന്നീ രശീതികൾ പ്രകാരം 500 രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്

2. സിറ്റി പ്ലാസ ഓഡിറ്റോറിയം ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല

ക്രമ നം 2 പ്രകാരമുള്ള സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആലിൻ ചുവട് അംഗൻവാടി കെട്ടിട നിർമ്മാണം - അധിക തുക നൽകി.

പ്രോജക്ട് നം.176/16

അടങ്കൽ :300000 /-വേൾഡ് ബോങ്ക്

700000 /- നബാർഡ്

ആകെ 1000000

ചെലവ്: 300000 /- വൗച്ചർ നമ്പർ 7/16.7.13

653619/- വൗച്ചർ നമ്പർ 14B/23.1.16

ആകെ 953619

കരാർ നമ്പർ: 14/28.2.13

എം.ബുക്ക് നമ്പർ: 53/13-14, 21/13-14

ബഹുവർഷ പ്രോജക്ടായി2012-13 ൽ ആവിഷ്കരിച്ച ഈ പ്രോജക്ട് 2013-14 പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 2015-16ൽ മേൽപ്പറഞ്ഞ പ്രകാരമാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകത കണ്ടു.

ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ അഞ്ചാമത്തെ ഇനമായ ചെങ്കൽ ഉപയോഗിച്ച് ഭിത്തി കെട്ടുന്ന പ്രവർത്തി 40.08 എം3 ആണ് യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ, താഴെ വിശദമാക്കിയ വിധം, എം.ബുക്ക് 53/13-14പേജ് 71 പ്രകാരം 47.08 എം3 എന്ന് അളവ് രേഖപ്പെടുത്തി എം.3 ന് 4710 രൂപ നിരക്കിൽ 221746 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 40.08 എം3 ന് 4710 രൂപ നിരക്കിൽ 188776 രൂപക്ക് മാത്രമെ കരാറുകാരന് അർഹതയുള്ളു. .

| എം.ബുക്ക് നമ്പർ/പേജ് | യഥാർത്ഥത്തിൽ നിർവ്വഹിച്ച അളവ് | 53/13-14പേജ് 71 പ്രകാരം ആകെ അളവ് രേഖപ്പെടുത്തിയത് |
|---|---|---|
| 53/13-14 പേജ് 10-13 | 19.96 എം3 | 26.96 എം3 |
| 53/13-14 പേജ് 19 | 5.93 എം3 | 5.93 എം3 |
| 53/13-14 പേജ് 41 | 8.49 എം3 | 8.49 എം3 |
| 53/13-14 പേജ് 44 | 2.56 എം3 | 2.56 എം3 |
| 53/13-14 പേജ് 47 | 3.14 എം3 | 3.14 എം3 |
| ആകെ | 40.08 എം3 | 47.08 എം3 |

കരാറുകാരന് അർഹമായതിലും അധികം തുക 32970 രൂപ നൽകിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. നഷ്ടം ബിൽ തയ്യാറാക്കി പണം നൽകിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഫിഷർമെൻ കോളനി അംഗൻവാടി നിർമ്മാണം - വാഷ്ബേസിൻ സ്ഥാപിച്ചിട്ടില്ല

പ്രൊജക്ട് നം : 177/16

അടങ്കൽ: 700000/- നബാർഡ് ഫണ്ട്

ചെലവ്: 664502/- വൗച്ചർ നമ്പർ:14A/23.1.16

എം.ബുക്ക് നമ്പർ: 52/13-14

ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 20 ആയ പ്രവൃത്തി 6560 രൂപ ചെലവഴിച്ച് രണ്ട് വാഷ്ബേസിനുകൾ സ്ഥാപിക്കലാണ്. എം.ബുക്ക് പേജ് 61 പ്രകാരം രണ്ട് വാഷ്ബേസിനുകൾ സ്ഥാപിച്ചതായി അളവ് രേഖപ്പെടുത്തി 6560 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ 14.11.16 ന് അംഗൻവാടിയിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ ഒരു വാഷ്ബേസിൻ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നും, മറ്റൊന്ന് വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല എന്നും കണ്ടു. ഈ സാഹചര്യത്തിൽ ഒരു വാഷ്ബേസിൻ സ്ഥാപിക്കുന്നതിന് പ്രതിഫലമായി നൽകിയ 3280 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രസ്തുത വാഷ്ബേസിൻ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് - പ്രവർത്തനത്തിലെ പൊതുവായ ന്യൂനതകൾ സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തനങ്ങൾ പരിശോധിച്ചപ്പോൾ കണ്ട പൊതുവായ ചില ന്യനതകൾ താഴെ പറയുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഫയലിൽ സൂക്ഷിക്കുന്നു

മരാമത്ത് പ്രവൃത്തികൾക്ക് ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ അതത് പ്രവൃത്തികളുടെ ഫയലിൽ തന്നെയാണ് സൂക്ഷിക്കുന്നത്. ഇത് ഈ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുന്നതിന് ഇടയാക്കും. ആയതിനാൽ ഇത്തരം ഡപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുമ്പോൾ ആയതിന്റെ വിശദാംശങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് ഒപ്പുവച്ച് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

2. ടെണ്ടറിൽ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ സമയം പറയുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പെർസന്റേജ് റേറ്റ് കോൺട്രാക്ട് ആണ് പഞ്ചായത്തിൽ അനുവർത്തിക്കുന്നത്. ഒരു നിശ്ചിത പ്രവൃത്തി നിശ്ചിത അളവിൽ നിശ്ചിത സ്പെസിഫിക്കേഷനിൽ നിശ്ചിത സമയത്തിനുള്ളിൽ തീർക്കുന്നതിനാണ് പെർസന്റേജ് റേറ്റ് കോൺട്രാക്ട് പ്രകാരം ടെണ്ടർ ക്ഷണിക്കുന്നത്. അതിനാൽ പൂർത്തീകരണ സമയം നിഷ്കർഷിക്കാതെ ടെണ്ടർ ക്ഷണിക്കുന്നത് ക്രമപ്രകാരമല്ല.

3. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഒടുക്കിയത് - രസീതി ലഭിച്ചിട്ടില്ല

തൻവർഷം നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഇനത്തിൽ ക്ഷേമ നിധിയിൽ ഒടുക്കിയ തുകക്ക് ക്ഷേമ നിധിബോഡിൽ നിന്നും രസീതി ഒന്നും ലഭിച്ചിട്ടില്ല.

4. ക്ലറിക്കൽ ജീവനക്കാരുടെ സേവനം ലഭ്യമല്ല – പ്രോജക്ട് നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല

2015-16 വർഷത്തിൽ 116 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ63 എണ്ണം മാത്രമെ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇത് സംബന്ധിച്ച അന്വഷണത്തിന് ക്ലറിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാകാതിരുന്നതിനാൽ ക്ലറിക്കൽ ജോലിയുൾപ്പെടെയുള്ള ജോലികൂടി ടെക്നിക്കൽ സ്റ്റാഫിന് നിർവ്വഹിക്കേണ്ടി വന്നതിനാലാണ് പ്രോജക്ട് നിർവ്വഹണത്തിൽ ഈപോരായ്മ വന്നത് എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ മറുപടി നൽകുകയുണ്ടായി. തൻവർഷത്തെ ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ ക്ലറിക്കൽ തസ്തികയിൽ ജീവനക്കാരുടെ സേവനം ലഭ്യമാകാത്ത വിവരം വ്യക്തമായിട്ടുണ്ട്. ആയതിനാൽ വിഷയം പരിഹാര നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-4 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി അപാകതകൾ

നിറമരുതൂർ ഗ്രാമ പഞ്ചായത്ത് 2015-16 വർഷത്തിൽ പഞ്ചായത്ത് പരിധിയിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് താഴെ പറയുന്ന പദ്ധതികളിലായി 593തെരുവ് വിളക്കുകൾ (2*11 W CFL Street Light + CFL 11 W 4 pin Lamp Fittings) KREWS (Kerala Rural Employees Welfare Society) ൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | ബിൽ നം / ചെക്ക് നം | തുക (ഫിറ്റിംഗ്സ് & ഇൻസ്റ്റലേഷൻ ചാർജ് അടക്കം) | തെരുവ് വിളക്കുകൾ (എണ്ണം) |
|---|---|---|---|---|
| 1 | 018 / 16 (New) (Gen) | 9/17.8.15 10/17.8.15 1951486/ 12.8.15 (own fund) | 5,89,498 | 375 |
| 2 | 093 / 16 (New) (SC) | 11/17.8.15 | 97,464 | 62 |
| 3 | SO162 / 16 | 1951482 / | 1,47,768 | 94 |

| | | | | |
|---|---|---|---|---|
| | (Gen) | 16.7.15 (own fund) | | |
| 4 | SO164 / 16 (SC) | 1/22.7.17 | 97,464 | 62 |
| TOTAL | | | | 593 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രൊജക്ടുകളിൽ ഒന്നിലും ക്രൂസുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല.

2. ഇത്രയധികം തെരുവ് വിളക്കുകൾ വാങ്ങിയിട്ടും ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ കണക്ക് കാണിക്കുന്ന Street Light Register കാലികമാക്കിയിട്ടില്ല. കെ. എസ് .ഇ.ബി യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ കത്താത്ത തെരുവ് വിളക്കുകൾക്ക് കറന്റ് ചാർജ് അടക്കുന്നതിനുള്ള സാധ്യത കാണുന്നു.

3. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല.

4. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 3.12.15 ലെ കത്ത് പ്രകാരം (ക്രൂസിന് എഴുതിയ) നാല് പദ്ധതികളിലുൾപ്പെടുത്തി സ്ഥാപിച്ച 593 തെരുവ് വിളക്കുകളിൽ 150 എണ്ണം പ്രവർത്തന രഹിതമായിരിക്കുന്നുവെന്നും വാറന്റി കാലാവധിയുള്ള കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്നു അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിൻമേൽ ക്രൂസ് സ്വീകരിച്ച തുടർ നടപടി വിവരം ഫയലിൽ നിന്നും വ്യക്തമല്ല. സ്ഥാപിച്ച 593 തെരുവ് വിളക്കുകളിൽ 25% വും രണ്ട് മാസത്തിനകം പ്രവർത്തന രഹിതമായതിൽ നിന്നും ലഭ്യമായ തെരുവ് വിളക്കുകൾ ഗുണനിലവാരമില്ലാത്തവയാണെന്ന് തെളിയിക്കുന്നു.

എക്സിറ്റ് മീറ്റിംഗിൽ കേടുവന്ന തെരുവ് വിളക്കുകൾ ക്രൂസിൽ നിന്നു തന്നെ ജീവനക്കാർ വന്ന് പ്രവർത്തന ക്ഷമമാക്കിയെന്ന് മെമ്പർമാർ വ്യക്തമാക്കി. എന്നാൽ തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമാക്കിയതായി ക്രൂസിൽ നിന്നുള്ള രേഖകൾ ഫയലിൽ ഇല്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-5 എസ്.സി വിഭാഗത്തിൽപെട്ടവർക്ക് സ്വയം തൊഴിൽ - പദ്ധതി അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്ട് നം - 87/16

ബിൽ നം - 2/26.2.16, 4/23.3.16

തുക - 2,00,000 (വികസന ഫണ്ട് (എസ്.സി.പി)

എസ്.സി വിഭാഗത്തിൽപെട്ടവർക്ക് സ്വയം തൊഴിലിനായി ഓട്ടോ റിക്ഷ വാങ്ങുന്നതിന് ഒരാൾക്ക് ₹50000/- ക്രമത്തിൽ 4 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഓട്ടോ റിക്ഷ വാങ്ങുന്നതിന് സബ്സിഡിയായി മേൽബില്ല് പ്രകാരമുള്ള തുക വട്ടത്താണിയിലുള്ള തിരൂർ റവന്യൂ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഗുണഭോക്താക്കൾ

1. അരുൺകുമാർ. AP

2. ഷിജു. KK

3. അനിൽ. PK

4. പ്രേംകുമാർ. VK

1. വായ്പ അനുവദിച്ചതിന്റെ രേഖകൾ ഇല്ല

മേൽ ബിൽ പ്രകാരം മാറിയ തുക ഡി.ഡി.നം 189426/8.3.16, 191210/28.3.16 എന്നിവ പ്രകാരം തിരൂർ റവന്യൂ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് കൈപ്പറ്റിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(പി) നം 248/12 തീയതി 29.09.2012 ഖണ്ഡിക 3-7 ക്രമനം 4 പ്രകാരം ബാക്ക് എയിഡഡ് സബ്സിഡിയായി ആണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ വായ്പ എടുത്തത് സംബന്ധിച്ച വിവരവും ലോൺ പാസ്സ് ബുക്കിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

2. ഓട്ടോ റിക്ഷാ വാങ്ങിയത് സംബന്ധിച്ച വിവരവും ലഭ്യമല്ല.

ഓട്ടോ റിക്ഷാ വാങ്ങിയത് സംബന്ധിച്ച ബിൽ / ഇൻവോയ്സ് എന്നിവ ഇല്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,00,000 രൂപ തടസ്സം ചെയ്യുന്നു.

## 3-6 പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത സ്കൂളിന് ധനസഹായം - 8000 രൂപ നിരാകരിക്കുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട്നം. | ചെലവ് | വൗച്ചർ |
|---|---|---|
| 23/15-16 | 32,000 | 891/31.3.16 |

ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പൊതു നിബന്ധനകൾ 2.2പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രദിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

പ്രൊജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 4 സ്കൂളുകൾക്ക് താഴെ പറയുന്ന ഇനങ്ങൾ പ്രകാരമുള്ള ചെലവുകൾക്ക് 8000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത GHSS ,നിറമരുതൂർ എന്ന സ്കൂളിനും തുക അനുവദിച്ചു. കേരളാ പഞ്ചായത്ത് രാജ് നിയമം 173 ാം വകുപ്പ് 1 ാം ഉപവകുപ്പ് 5 ാം പട്ടികപ്രകാരം സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ്, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുടെ നടത്തിപ്പ് എന്നിവ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത GHSS ,നിറമരുതൂർ എന്ന സ്കൂളിന് നൽകിയ തുക 8000 രൂപ അനുവദിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത താഴെ പറയുന്ന ഇനങ്ങൾക്ക് ചെലവ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

1. ദിനാചരണങ്ങൾ

2. മേളകൾ (ഗണിത ക്ലാസ്സ്)

3. പ്രവേശനോത്സവം

4. പഠനയാത്ര

5. സഹവാസ ക്യാമ്പ്

6. വാർഷികം

പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്ത ഭക്ഷണം, സ്റ്റേഷനറി തുടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നുണ്ട് അതിന്ന് പുറമേ വിദ്യാഭ്യാസ വകുപ്പ് ഇത്തരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നുണ്ട് മേൽപ്പറഞ്ഞ വയ്ക്ക് പുറമേയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതി യുള്ളത്. ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അദ്ധ്യാപകർ,വിദ്യാസമ്പന്നരായ യുവതിയുവാക്കൾ,

എന്നിവരെ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ് നൽകൽ ,സന്നദ്ധ സേവനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പുറമേയുള്ള യോഗ്യരായ അദ്ധ്യാപകരുടെ സേവനത്തിന് പരമാവധി പ്രതിവർഷം 3000/-രൂപ നിരക്കിൽ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്ത ഇനങ്ങൾ ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. അപാകതകൾ ആവർത്തിക്കുന്ന പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നതാണ്.

## 3-7 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്റ്റിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 4,00,000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (SO011/16) | ₹ 4,00,000 | 19/29.01.2016 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്റ്റ് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്റ്റിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

2) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

പ്രൊജക്റ്റ് ഓഫീസറുടെ വർക്ക്പ്ലാൻ പ്രകാരമുള്ള ഓരോ ഇനങ്ങളുടെയും വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹ 4,00,000 ചെലവു തടസ്സം ചെയ്യുന്നു.

## 3-8 പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല-18,80,000രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം- സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 18,80,000 രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്റ്റ് | ബിൽ | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|
| 225/16<br>IAY വിഹിതം<br>(താനൂർ ബ്ലോക്ക് പഞ്ചായത്ത്) | 27/11.3.16 | 6,00,000 | വിനിയോഗ സാക്ഷ്യപത്രം |
| 225/16<br>IAY വിഹിതം (SC)<br>(താനൂർ ബ്ലോക്ക് പഞ്ചായത്ത്) | 25/11.3.16 | 2,00,000 | വിനിയോഗ സാക്ഷ്യപത്രം |
| SO 228/16<br>IAY വിഹിതം (SC)<br>(താനൂർ ബ്ലോക്ക് പഞ്ചായത്ത്) | 34/31.3.16 | 80,000 | വിനിയോഗ സാക്ഷ്യപത്രം |
| SO 009/16 | 2/22.7.15 | 4,00,000 | വിനിയോഗ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| IAY വിഹിതം<br>(താനൂർ ബ്ലോക്ക് പഞ്ചായത്ത് ) | | | |
| SO 010/16<br>IAY വിഹിതം (കുടിശ്ശിക നൽകൽ)<br>(താനൂർ ബ്ലോക്ക് പഞ്ചായത്ത് ) | 3/22.7.15 | 6,00,000 | വിനിയോഗ സാക്ഷ്യപത്രം |
| ആകെ | | 18,80,000 | |

ഇത് സംബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/14.11.2016 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-9 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 50000 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം | വൗച്ചർ / ഡി.ഡി | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 068216/15.11.14 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 50,000 | KWA,Edappal |
| ആകെ | | | 50,000 | |

## 3-10 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥനായി പ്രോജെക്ട് നംമ്പർ139/16 ഭവനനിർമ്മാണം ജനറൽ പ്രകാരം താഴെ പറയുന്ന ഗുണഭോ ക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ ധനസഹാ യം അനുവദിച്ചിട്ടുണ്ട്.

അടങ്കൽ-150000

| ക്രമനംമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അക്കൗണ്ട് നംമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | അഷ്റഫ് ചക്കാച്ചിന്റെ പുരയ്ക്കൽ നിറമരുതൂർ | 50000 | 3327 നിറമരുതൂർ സർവീസ് സഹകരണ ബാങ്ക് | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| 2 | റിയാസ് ഇലനാട്ടിൽ നിറമരുതൂർ | 50000 | 3250 നിറമരുതൂർ സർവീസ് സഹകരണ ബാങ്ക് | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| 3 | വിവേക് കുമാർ പറങ്ങാട്ട് നിറമരുതൂർ | 50000 | 1557 നിറമരുതൂർ സർവീസ് സഹകരണ ബാങ്ക് | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 4 | സീനത്ത് കമ്പിളിപ്പറമ്പിൽ നിറമരുതൂർ | 50000 | 3427 നിറമരുതൂർ സർവീസ് സഹകരണ ബാങ്ക് | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| 5 | റീന ഇളയേടത്ത് നിറമരുതൂർ | 120000 | 3499 നിറമരുതൂർ സർവീസ് സഹകരണ ബാങ്ക് | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല,കരാർചമച്ചിട്ടില്ല. |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച പിടിക്കേണ്ടതാണ്.

## 3-11 മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വ കക്കൂസ് നിർമ്മാണം- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജെക്ട് നമ്പർ 152/16,മത്സ്യത്തൊഴിലാളികൾക്ക് ശുചിത്വ കക്കൂസ് നിർമ്മാണ (കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ) ത്തിന്റെ ഭാഗമായി 69000 രൂപ ചെലവഴിച്ചതായി ചെലവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മേൽ സ്പിൽഓവർ പ്രോജെക്ടിന്റെ ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-12 നീണ്ടകാലരോഗങ്ങൾക്ക് മരുന്നു വിതരണം -പ്രോജെക്ട് ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രൊജെക്ട് നമ്പർ | SO054/16 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>24*7 പി എച്ച്സി തേവർകടപ്പുറം |
| വിഭവ സ്രോതസ്സ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ബിൽ നംമ്പർ/തീയതി | 12/15-16തി.29-3-16 |
| തുക | 500000 |

നീണ്ടകാല രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 500000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. (ഡിഡി നംമ്പർ-192802/11-4-16) എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കുകയും രോഗികൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ 500000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നംമ്പർ 1/7-11-16പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 3-13 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല

പ്രോജെക്ട് നംമ്പർ 201/16 പ്രകാരം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 250000 രൂപ (ബിൽ നംമ്പർ-26/15-16 തി.11-3-16 ) പിൻവലിച്ച് ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള ഹോമിയോപ്പതിക് കോ -ഓപ്പറേറ്റിവ് സൊസൈറ്റിയിൽ നൽകിയിട്ടുണ്ട്. എൽഎഫ് 782/15-10-16 പ്രകാരം 201800 രൂപയുടെ മരുന്നുകൾ മാത്രമെ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 48200 രൂപയുടെ മരുന്നുകൾകൂടി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.48200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 രോഗപ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി. എച്ച്.സി നിർവഹണഉദ്യോഗസ്ഥനായി രോഗപ്രതിരോധ പ്രവർത്ത നങ്ങൾക്ക്(പ്രോജെക്ട് നംമ്പർ-S0084/16) താഴെ പറയും പ്രകാരം തുക ചെലവാക്കിയിട്ടുണ്ട്.

വികസനഫണ്ട്- 100000

തനത് ഫണ്ട്- 30000

രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് മേൽ തുക വകയിരുത്തിയത്. ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 130000രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തനത് ഫണ്ട് വിഹിതം 30000 രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നംമ്പർ-1/7-11-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിനാൽ 30000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിതസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും അവർക്കെതിരെയുള്ള എല്ലാവിധ അക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനുള്ള സംവിധാനമാണ് ജാഗ്രതാസമിതി.നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റ് എൻക്വയറി നംമ്പർ 5/10-11-16 നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.മറുപടിയിൽ 24-12-2008 ന് ജാഗ്രതാസമിതി രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ജാഗ്രതാ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് ജി.ഒ(എംഎസ്)39/2004 SWD തി.28-5-14 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ലൈബ്രറി സെസ്സ് അടക്കുന്നതിൽ വീഴ്ച വരുത്തുന്നു.

ഗ്രാമ പഞ്ചായത്തുകൾ അർദ്ധവാർഷികമായി കെട്ടിട നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് നവംബർ / ഏപ്രിൽ മാസങ്ങളിലായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതുണ്ട്. ലൈബ്രറി സെസ്സ് കൃത്യമായി അടക്കുന്നതിൽ നിറമരുതൂർ ഗ്രാമ പഞ്ചായത്തു വീഴ്ച വരുത്തിയിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച 2014-15 രണ്ടാം അർദ്ധവർഷത്തിലെ 77454 രൂപയും 2015-16 ഒന്നാം അർദ്ധവർഷത്തിലെ 27336 രൂപയും താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പ്രകാരം 3/2016 ന് മാത്രമാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടുള്ളത്.

190147 / 18.3.16 – 6790

190148 / 18.3.16 – 49000

190149 / 18.3.16 – 49000

പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കൃത്യമായി നവംബർ / ഏപ്രിൽ മാസങ്ങളിലായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതാണ്. ഇതിൻമേൽ വീഴ്ച വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-17 കിഡ്നി വെൽഫെയർ സൊസൈറ്റിക്ക് നൽകാനുള്ള തുക വർഷങ്ങളായി തനത് ഫണ്ടിൽ കിടക്കുന്നു

2014-15 സാമ്പത്തിക വർഷത്തിലായി ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന കിഡ്നി വെൽഫെയർ സൊസൈറ്റിക്ക് നൽകുന്നതിനു വേണ്ടി പിരിച്ച തുക 35210 രൂപ വർഷങ്ങളായി തനത് ഫണ്ടിൽ കിടക്കുന്നുണ്ട്. ഉണ്യാൽ മഹല്ല് കമ്മിറ്റി, കോരംഗത്ത് ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റി തുടങ്ങിയ ചില കമ്മിറ്റികളിലൂടെയാണ് പൊതു ജനങ്ങളിൽ നിന്നും തുക സമാഹരിച്ചതായി കാണുന്നത്. പ്രസ്തുത കമ്മിറ്റികളാണ് തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തുക സമാഹരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതും തുക തനത് ഫണ്ടിൽ ഇട്ടിരിക്കുന്നതിന് വിശദീകരണവും ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടില്ല - പദ്ധതി നിശ്ചലാവസ്ഥയിൽ -മറ്റു

## അപാകതകൾ

സമൂഹത്തിലെ നിരാശ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. നിറമരുതൂർ ഗ്രാമ പഞ്ചായത്ത് 2004 മുതൽ 2007 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2016-17 വർഷത്തിൽ പഞ്ചായത്ത് ആശ്രയ പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവേ നടത്തികൊണ്ടിരിക്കുകയാണ്. 2004-07 കാലയളവിലേക്കായി അംഗീകാരം നേടിയ പദ്ധതിയിൽ 152 ഗുണഭോക്താക്കളെ ഉൾപ്പടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പ്രകാരം പദ്ധതിക്ക് വേണ്ടി ജൂൺ 2009 വരെ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി ദീർഘിപ്പിച്ചു നൽകിയതായി കാണുന്നില്ല. പദ്ധതിക്ക് വേണ്ടി പ്ളാൻ ഫണ്ടിൽ നിന്നും 11,00,000 രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും 10,00,000 രൂപയും മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. സന്നദ്ധ സേവകർ നൽകിയ 1,00,000 രൂപയും അടക്കം ആകെ 22,00,000 രൂപ ലഭ്യമായിട്ടുണ്ട്. 70,40,500 രൂപ അടങ്കലുള്ള പദ്ധതിക്ക് ഇതുവരെ 17,23,075 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ പുരോഗതി രേഖകളിൽ നിന്നും വ്യക്തമല്ല. കാരണം ആശ്രയ പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചവരുടെ വിവരം രേഖപ്പെടുത്തുന്നതിന് പകരം ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ (Through VEO, Medical Officer ) ആനുകൂല്യം ലഭിച്ച ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം (വിവിധ പദ്ധതികളിലൂടെ) |
|---|---|---|
| പ്രൊജക്റ്റ് പ്രകാരം വീട് ആവശ്യമുള്ളവർ | 151 | 145 |
| സ്ഥലം ആവശ്യമുള്ളവർ | 79 | 69 |
| കക്കൂസ് ആവശ്യമുള്ളവർ | 140 | 133 |
| കുടിവെള്ളം ആവശ്യമുള്ളവർ | 134 | 123 |
| ചികിൽസ | 18 | 18 |
| വിദ്യാഭ്യാസം | 32 | 32 |
| മറ്റുള്ളവ (വിവാഹം) | 10 | 10 |

കുടുംബശ്രീ ജില്ലാ മിഷന് എല്ലാ മാസവും നൽകുന്ന റിപ്പോർട്ട് പ്രകാരം താഴെ പറയും പ്രകാരമാണ് ചെലവുകൾ കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ പദ്ധതിക്ക് വേണ്ടി പ്രൊജക്റ്റ് പ്രകാരം ചെലവ് വന്നിട്ടുള്ളത് 17,23,075 രൂപ മാത്രമാണ്

| ഇനം | തുക |
|---|---|
| വീട് | 42,25,000 |
| സ്ഥലം | 13,45,500 |
| കക്കൂസ് | 2,66,000 |
| കുടിവെള്ളം | 6,25,000 |
| ചികിൽസ | 18,000 |
| വിദ്യാഭ്യാസം | 32,000 |
| മറ്റുള്ളവ (വിവാഹം) | 50,000 |
| ആകെ | 65,61,500 |

പദ്ധതി നടത്തിപ്പിൽ ചുവടെ പറയും പ്രകാരം അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2004 മുതൽ 2007 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പ്രകാരം പദ്ധതിക്ക് വേണ്ടി ജൂൺ 2009 വരെ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

2. ആശ്രയ പദ്ധതിക്ക് വേണ്ടി പ്രത്യേകം അക്കൗണ്ട് തുടങ്ങിയിട്ടില്ല. കുടുംബശ്രീ തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് ആശ്രയ പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകകളും ഇട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ആശ്രയ

പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകയിൽ ഈയിനത്തിലുള്ള നീക്കിയിരിപ്പ് (പലിശയടക്കം) എത്രെയെന്ന് വ്യക്തമല്ല. കുടുംബശ്രീ തനത് ഫണ്ട് സൂക്ഷിക്കുന്ന നിറമരുതൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 275-ാം നം. അക്കൗണ്ടിൽ 30.10.2016 ന് 10,88,278രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകയിൽ നീക്കിയിരിപ്പ് വ്യക്തമായാൽ മാത്രമേ തുക ആശ്രയയുടെ തുടർ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കു.

3. ആശ്രയ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവഹിക്കേണ്ടതാണ്. വീട് വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനങ്ങളാണ് വഹിക്കേണ്ടത്. എന്നാൽ ചലഞ്ച് ഫണ്ട് മാർഗ്ഗരേഖ പ്രകാരമുള്ള ഇനങ്ങൾക്ക് ചെലവഴിക്കാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

4. ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ അപൂർണ്ണമാണ്.

രണ്ടാം ഘട്ടത്തിലേയ്ക്ക ആവശ്യകതാ നിർണയം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായ എല്ലാവരും പദ്ധതിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കി കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി നടപ്പാക്കാൻ ഭരണസമിതിയും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 25007600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39631329 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40,970 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,80,480 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 32,970 | ശ്രീ ബിനീഷ് എ ,അസി.എഞ്ചിനീയർ |
| 3-6 | | 8,000 | ശ്രീ രജീന്ദ്രനാഥ് പി ,സെക്രട്ടറി |
| ആകെ | | 40,970 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3280 | ശ്രീ ബിനീഷ് എ ,അസി.എഞ്ചിനീയർ |
| 3-5 | 2,00,000 | ശ്രീമതി ജസിയ ബീവി ,അസി.സെക്രട്ടറി |
| 3-7 | 4,00,000 | ശ്രീ രജീന്ദ്രനാഥ് പി ,സെക്രട്ടറി |
| 3-8 | 18,80,000 | ശ്രീ രജീന്ദ്രനാഥ് പി ,സെക്രട്ടറി |
| 3-9 | 50,000 | ശ്രീ രജീന്ദ്രനാഥ് പി ,സെക്രട്ടറി |
| 3-11 | 69,000 | ശ്രീമിതി അനിത സി ,വി.ഇ.ഒ |
| 3-12 | 5,00,000 | ഡോ. ഫാത്തിമ ത്വാഹിറ ,മെഡിക്കൽ ഓഫീസർ |
| 3-13 | 48,200 | ഡോ. ഫാത്തിമ ത്വാഹിറ , മെഡിക്കൽ ഓഫീസർ |
| 3-14 | 30,000 | ഡോ. ഫാത്തിമ ത്വാഹിറ, മെഡിക്കൽ ഓഫീസർ |
| ആകെ | 31,80,480 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രജീന്ദ്രനാഥ് പി ,സെക്രട്ടറി | സെക്രട്ടറി, നിറമരുതൂർ ഗ്രാ.പ | ഓച്ചോളിൽ സുരഭി (H) |

| | | |
|---|---|---|
| | | അഴിഞ്ഞിലം (PO)<br>ഫാറൂക്ക്<br>മലപ്പുറം |
| ശ്രീ ബിനീഷ് എ ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,ചെറിയമുണ്ടം ഗ്രാ.പ | ആലിങ്ങൽ (H)<br>പരപ്പനങ്ങാടി(PO)<br>മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 ചെലവ് | LFM15/635/04 dt.5.7.2004 | 2 |
| 2001-02 | LFM8/ 636/04 dt.6.7.2004 | 9 |
| 2002-03 | LFM15/212/05 dt.8.5.2005 | 9 |
| 2003-04 | LFM15/2048/06 dt.28.11.2007 | 7 |
| 2004-05 | LFM15/2049/06 dt.6.2.2008 | 3 |
| 2005-06 | LFM 15/2049/06 dt.15.11.2011 | 4 |
| 2006-07 | LFM 16/1494/11 dt.15.11.2011 | 7 |
| 2007-08 | LFM 162037/11 dt.13.6.2012 | 7 |
| 2008-09 | LFM16/2037/11 dt.25.4.2012 | 18 |
| 2009-10<br>10-11 | LFM117/35014 dt.5.6.2014 | 21 |
| 2011-12<br>12-13 | KSAMPM17/74/2016. dt.1.3.2016 | |
| 2013-14<br>2014-15 | KSAMPM17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

## അനുബന്ധം I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSAMPM.17/3271/2016

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.02.02.2017

CERTIFICATE

Certified that I have examined the Annual Financial Statement of Niramaruthur Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Niramaruthur Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.17/3271/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ - 676 505, ഫോൺ : 0483 2734951
ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :02.02.2017

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.